# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1980 — 16/02/16 ൽ മറുപടിക്ക്

## വിജിലൻസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എളമരം കരീം** | **ശ്രീ. രമേശ് ചെന്നിത്തല**<br>**(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| എ) സർക്കാർ വകുപ്പുകളിൽ വർദ്ധിച്ചു വരുന്ന ക്രമക്കേടുകളും അഴിമതികളും തടയാൻ നിലവിലുള്ള വിജിലൻസ് സംവിധാനം എത്രത്തോളം പര്യാപ്തമാണെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ വകുപ്പുകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ അടിക്കടി മിന്നൽ പരിശോധനകൾ നടത്തി വരുന്നു. നിലവിലുള്ള അംഗബലം കൊണ്ട് പരമാവധി അഴിമതി തടയാൻ വിജിലൻസ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |
| ബി) വകുപ്പുകളിലെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; | ബി) എല്ലാ വകുപ്പുകളിലും വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് സെല്ലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വേണ്ടി വിജിലൻസ് ഡയറക്ടർ പ്രത്യേകം പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ച് , അവരുടെ പ്രവർത്തനം വിലയിരുത്തി വരുന്നു. |
| സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും രൂപീകരിച്ച വിജിലൻസ് സെല്ലുകളുടെ പ്രവർത്തനം വിശദമാക്കുമോ? | സി) അതതു ഓഫീസുകളിൽ ഉണ്ടാകുന്ന അഴിമതിയും ക്രമക്കേടുകളും കണ്ടു പിടിച്ചു യുക്തമായ നടപടി സ്വീകരിക്കാൻ വിജിലൻസ് സെല്ലിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് പൂർണ്ണ അധികാരമുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ വിജിലൻസ് ബ്യൂറോയെ അറിയിക്കുകയും അത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ബ്യൂറോ യുക്തമായ നടപടി സ്വീകരിക്കുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ